**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2371

13.02.2013-ലെ മറുപടിയ്ക്ക്

# കൺസ്യൂമർ ഫെഡിന് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡ് സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്നു; | (എ) | നിത്യോപയോഗ സാധനങ്ങളുടെ ചില്ലറ/മൊത്ത വ്യാപാരമാണ് കൺസ്യൂമർ ഫെഡിന്റെ പ്രധാന പ്രവർത്തന മേഖല. കൂടാതെ നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേനയുള്ള മരുന്നുകളുടെ വിതരണവും, ത്രിവേണി നോട്ടുബുക്കുകളുടെ നിർമ്മാണവും, വിപണനവും, നീതി ഗ്യാസ് എന്ന ബ്രാൻഡ് നെയിമിൽ നടത്തുന്ന പാചക വാതക വിതരണം, ഹരി-ബറി എന്ന ബ്രാൻഡ് നെയിമിൽ ത്രിവേണി കറി പ ൗ ഡറിന്റെ നിർമ്മാണവും, വിതരണവും, വിദേശ മദ്യത്തിന്റെ ചില്ലറ വില്പന, ത്രിവേണി എന്ന ബ്രാൻഡ് നെയിമിൽ നടത്തുന്ന കുപ്പിവെള്ള വിതരണം ഇവയാണ് കൺസ്യൂമർ ഫെഡ് നടത്തുതന്ന മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ. |

| | |
|---|---|
| | ഇതിനുപുറമെ ഓണം, വിഷു, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ എല്ലാ ഉത്സവങ്ങളോടനുബന്ധിച്ചും മറ്റ് അവശ്യ സന്ദർഭങ്ങളിലും വില വർദ്ധനവ് തടയുന്നതിന് വേണ്ടി പ്രത്യേക വിപണന മേളകൾ, മാർക്കറ്റുകൾ, പച്ചക്കറി വില്പന, തേങ്ങയുടെയും, നെല്ലിന്റെയും സംഭരണം തുടങ്ങിയവയും കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പുതുതായി ഏതെല്ലാം മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു; | (ബി) നീതി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് ആവശ്യമായ ഫാർമസിസ്റ്റുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തൃശ്ശൂരിൽ "ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി" എന്ന പേരിൽ ഫാർമസി കോളജ് ആരംഭിക്കുന്നതിനും, ഇടുക്കിയിൽ റീട്ടെയിൽ മാനേജ്മെന്റിൽ പരിശീലനം നൽകുന്നതിനായി "ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് (TIRMA)" ആരംഭിക്കുന്നതിനും കൺസ്യൂമർ ഫെഡ് നടപടികൾ പൂർത്തിയാക്കി വരുന്നു. അതോടൊപ്പം ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പഞ്ചായത്ത് സൗജന്യമായി നൽകിയ 2 ഏക്കർ സ്ഥലത്ത് "ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് (TIFPRO)" ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കൂടാതെ കേരളത്തിലെ സ്ഥല സൗകര്യങ്ങൾ ഉള്ള എല്ലാ |

ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും, നീതി സ്റ്റോറുകളിലൂടെയും, മൊബൈൽ യൂണിറ്റുകളിലൂടെയും പച്ചക്കറി വിതരണം ആരംഭിക്കുന്നതിനും ത്രിവേണി ബ്രാൻഡ് ഗോതമ്പ് നുറുക്കും, മറ്റ് ഉപ ഉൽപ്പന്നങ്ങളും ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നതിനും, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കുറഞ്ഞ ചിലവിൽ രോഗ നിർണ്ണയവും പരിശോധനയും നടത്തുന്ന 'ശുശ്രൂഷ' ഹൈടെക് ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിനും "CEEFED" എന്ന ബ്രാൻഡിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും നിർമ്മിച്ച് സർക്കാർ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്ന പദ്ധതി ആരംഭിക്കുന്നതിനും കൺസ്യൂമർ ഫെഡറേഷന് ഉദ്ദേശമുണ്ട്.

(സി) 2006 ന ശേഷം കൺസ്യൂമർ ഫെഡ് പ്രസ്തുത ആവശ്യങ്ങൾക്കായി എവിടെയെല്ലാം ഭൂമി വാങ്ങിയിട്ടുണ്ട്; ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നും വിശദമാക്കുമോ;

(സി) ആലപ്പുഴ ത്രിവേണി ടവർ പണിയുന്നതിനു വേണ്ടി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽപ്പെട്ട 33 സെന്റ് സ്ഥലം 19.10.2009 ലും (ഇതിൽ നിന്നും 5 സെന്റ് സ്ഥലം പിന്നീട് മംഗല്യസൂത്ര സഹകരണ സംഘത്തിന് വില്പന നടത്തി). കൊല്ലം ജില്ല സഹകരണ ഹോൾസെയിൽ സ്റ്റോർ സാധനങ്ങൾ വാങ്ങിയ വകയിൽ ഫെഡറേഷന് നൽകുവാനുണ്ടായിരുന്ന തുക തട്ടിക്കഴിക്കുന്നതിനായി കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ

40 സെന്റ് സ്ഥലം കൊല്ലം ഡിസ്ട്രിക്ട് ഹോൾസെയിൽ സ്റ്റോറിൽ നിന്നും വാങ്ങുകയും ആലപ്പുഴ മൊത്ത വ്യാപാര സഹകരണ സ്റ്റോറിന്റെ ഉടമസ്ഥതയിൽ ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ ബ്ലോക്ക് നം.40 ൽ റീസർവ്വെ നമ്പർ 16/2 ൽ പെടുന്ന 10.79 സെന്റ് സ്ഥലം റവന്യൂ റിക്കവറി നടപടികൾ പ്രകാരം ലേലത്തിൽ വച്ചപ്പോൾ ഈ സ്ഥലവും കെട്ടിടവും ഫെഡറേഷന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്കായി കൺസ്യൂമർ ഫെഡറേഷൻ ലേലത്തിൽ പിടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ 2 ഏക്കർ സ്ഥലവും 4 നില കെട്ടിടവും ത്രിവേണി ഫാർമസി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി തൃശ്ശൂർ സഹകരണ ആശുപത്രിയിൽ നിന്നും ഫെഡറേഷൻ വാങ്ങിയിട്ടുണ്ട്.

(ഡി) ഭൂമി വാങ്ങുന്നതിനും വില നിർണ്ണയിക്കുന്നതിനുമുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും എന്തെല്ലാം; വിശദമാക്കുമോ?

(ഡി) സഹകരണ ചട്ടം 54 പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദത്തോടെ മാത്രമേ ഭൂമി വാങ്ങാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി സംഘത്തിന്റെ പൊതുഫണ്ടിൽ നിന്നും വിനിയോഗിക്കുന്ന തുക രജിസ്ട്രാർ തീരുമാനിക്കുന്ന രീതിയിൽ "Recoup" ചെയ്യണം എന്നും ചട്ടം അനുശാസിക്കുന്നു. സഹകരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ

ജില്ലയിലെ സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ സംഘം ജോയിന്റ്
ഡയറക്ടർ (ആഡിറ്റ്) നിർദ്ദിഷ്ട
ഭൂമി നിലനിൽക്കുന്ന പ്രവർത്തന
പരിധിയിൽപ്പെടുന്ന പ്രാഥമിക
കാർഷിക ഗ്രാമ വികസന
ബാങ്കിന്റെ അസിസ്റ്റന്റ്
രജിസ്ട്രാർ/വാല്യുവേഷൻ
ആഫീസർ എന്നിവരടങ്ങുന്ന
ജോയിന്റ് കമ്മറ്റിയാണ്
സഹകരണ സംഘങ്ങൾ
വാങ്ങുന്ന ഭൂമിയുടെ വില
നിർണ്ണയം നടത്തുന്നത്.

സെക്ഷൻ ഓഫീസർ